# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി.യു.പി.എസ്. പാങ്ങ്

# ആമുഖം

പ്രീ പ്രൈമറി മുതൽ 7 വരെ ക്ലാസുകളുള്ള കുറുവ ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ജി.യു.പി.സ്കൂൾ പാങ്ങ്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഏറെ പിന്നാക്കം നിൽക്കുന്ന മലപ്പുറം ജില്ലയിലെ പാങ്ങ് എന്ന പ്രദേശത്ത് 1917 സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയത്തിലൂടെ ഈ പ്രദേശത്തെ സാംസ്കാരികമായും സാമൂഹികപരമായും ഉയർച്ചയിലെത്തിക്കുന്നതിനും അതുവഴി സാമ്പത്തിക അഭിവൃദ്ധിയുണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ നിലവിലുള്ള ഈ വിദ്യാലയത്തിന്റെ 1917 മുതലുള്ള രേഖകളേ നിലവിലുള്ളൂ. മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ ഗേൾസ് എലമെന്ററി സ്കൂൾ എന്ന പേരിലാണ് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിന്നീട് അമ്പലപ്പറമ്പിലുള്ള ബോയ്സ് എലമെന്ററി സ്കൂൾ ഇതിനോടു കൂടി കുട്ടിച്ചേർത്തെങ്കിലും പേര് പഴയത് പോലെ തുടർന്നു. 1 മുതൽ 8 വരെ ക്ലാസുകൾ ഹയർ എലമെന്ററി സ്കൂളിന്റെ ഭാഗമായിരുന്ന 1947 ൽ ഈ വിദ്യാലയം ഹയർഎലമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 1962 ൽ എട്ടാം തരം ഒഴിവാക്കി ഏഴാം തരം വരെയാക്കി.

സാമ്പത്തികമായി വളരെ പിന്നാക്കം നിന്നിരുന്ന ഈ പ്രദേശത്ത് കുട്ടികൾ വിവിധകാരണങ്ങളാൽ വിദ്യാഭ്യാസം നേടാൻ മടികാണിച്ചിരുന്നു. അന്ധവിശ്വാസം, പഠനത്തിൽ താൽപര്യമില്ലായ്മ എന്നിവ ചില കാരണങ്ങൾ മാത്രം.

1969 വരെ സ്വന്തമായി കെട്ടിടം നിർമിക്കുന്നത് വരെ വാടക കെട്ടിടങ്ങളെയാണ് ആശ്രയിച്ചിരുന്നത്. 1985 ൽ സെഷണൽസംമ്പ്രദായം അവസാനിപ്പിക്കുന്നതിന് എൽപി ക്ലാസുകൾ മദ്രസയിലേക്ക് മാറ്റിയിരുന്നു. 1988 ൽ നാട്ടുകാരുടെ കൂട്ടായ്മയിൽ 4 ക്ലാസ് റൂമുകളും 1997 ൽ ഡിപിഇപി പ്രോജക്ടിന്റെ ഭാഗമായി 3 ക്ലാസ് റൂമുകളും പണിതതോടെ മദ്രസയിലെ ക്ലാസുകൾ കൂടി സ്കൂളിലേക്ക് മാറ്റി. കിഫ്ബി ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് പണിത 17 ക്ലാസ് മുറികളോടെ ക്ലാസ് റൂമുകളുടെ കുറവ് പരിഹരിച്ച് കഴിഞ്ഞു. നമ്മുടെ വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ അക്കാദമിക, ഭൗതിക, സാമൂഹ്യ ലക്ഷ്യങ്ങളുടെയും അതിനായി ആസൂത്രണം ചെയ്ത പ്രവർത്തന പദ്ധതി കളുടെയും വിശകലനമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ അവതരിപ്പിക്കുന്നത്. വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ മുന്നോട്ട് വെക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കി എന്ന് ഉറപ്പ് വരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കുക.
- മതേതര മൂല്യങ്ങൾ വളർത്തുക.
- കുട്ടികളുടെ സർഗാത്മകവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപതരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകൾ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് ഉറപ്പ് വരുത്തുക.
- വിദ്യാലയത്തെ ഹൈടെക് വിദ്യാലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
- വിദ്യാലയ അന്തരീക്ഷം ശിശു സൗഹൃദമാക്കുക.
- സ്കൂളിനെ ഹരിത വിദ്യാലയമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ ഉദ്യാനവും പച്ചക്കറിത്തോട്ടവും ജൈവ പന്തലും നിർമ്മിക്കുക.
- അക്കാദമിക ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിച്ച് എല്ലാ കുട്ടികൾക്കും ശാസ്ത്രാശയങ്ങൾ നേടാനും ശാസ്ത്ര രീതി സ്വായത്തമാക്കാനും പ്രയേഗിക്കാനും കഴിയുക.

# <u>അടിസ്ഥാന വിവരങ്ങൾ</u>

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവൺമെന്റ് യു.പി സ്കൂൾ പാങ്ങ് |
| വിലാസം | : പാങ്ങ് പോസ്റ്റ്, മലപ്പുറം ജില്ല, 679338 |
| | : ഫോൺ 04933243765 |
| സ്കൂൾ കോഡ് | : 18666 |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ഉപജില്ല | : മങ്കട |
| റവന്യൂജില്ല | : മലപ്പുറം |
| ബി ആർ സി | : മങ്കട |
| ഗ്രാമ പഞ്ചായത്ത് | : കുറുവ |
| വാർഡ് | : 08 |
| ബ്ലോക്ക് പഞ്ചായത്ത് | : മങ്കട |
| നിയമസഭാമണ്ഡലം | : മങ്കട |
| ലോകസഭാമണ്ഡലം | : മലപ്പുറം |
| വില്ലേജ് | : കുറുവ |
| താലൂക്ക് | : പെരിന്തൽമണ്ണ |
| ഇ മെയിൽ | : gupspang@gmail.com |
| ഹെഡ്മാസ്റ്റർ | : അഹമ്മദ്കുട്ടി കുണ്ടനിയിൽ |
| പിടിഎ പ്രസിഡന്റ് | : ശരത് ചന്ദ്രൻ |
| എസ് എം സി ചെയർമാൻ | : മുനീർ കെ |
| എംടിഎ പ്രസിഡന്റ് | : നാൻസി |

# വിദ്യാലയ ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ നിലവിലുള്ള ഈ വിദ്യാലയത്തിന്റെ 1917 മുതലുള്ള രേഖകളേ നിലവിലുള്ളൂ. മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ ഗേൾസ് എലമെന്ററി സ്കൂൾ എന്ന പേരിലാണ് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിന്നീട് അമ്പലപ്പറമ്പിലുള്ള ബോയ്സ് എലമെന്ററി സ്കൂൾ ഇതിനോടു കൂടി കുട്ടിച്ചേർത്തെങ്കിലും പേര് പഴയത് പോലെ തുടർന്നു. 1 മുതൽ 5 കൂടി ക്ലാസുകൾക്കായി ആദ്യകാലത്ത് 3 അധ്യാപകരാണ് ഉണ്ടായിരുന്നത്. പാതിരാം കുന്നത്ത് വെള്ളോടിയുടെ ജന്മത്തിൽ പാടത്ത് അയ്യപ്പന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ് ആദ്യകാലത്ത് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. നാട്ടുകാരുടെ ശ്രമഫലമായി 1947 ൽ ഹയർ എലമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 1 മുതൽ 8 വരെ ക്ലാസുകൾ അന്ന് ഹയർ എലമെന്ററി സ്കൂളിന്റെ ഭാഗമായിരുന്നു. പാടത്ത് വീട്ടുകാർക്ക് പുതിയ കെട്ടിടം പണിയാൻ കഴിയാത്തതിനാൽ നരിങ്ങാപറമ്പിൽ രാമന് വെള്ളോടി പാട്ടത്തിന് നൽകിയ സ്ഥലത്ത് അദ്ദേഹം യു.പി.സ്കൂളിനുള്ള പുതിയ കെട്ടിടം പണിതു നൽകി. വാടക കെട്ടിടങ്ങൾക്ക് രണ്ട് ഉടമസ്ഥരായി. 14.11.1957 ലാണ് മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ നിന്നും വിദ്യാലയം മാറിയത്. 1962 ൽ എട്ടാം ക്ലാസ് ഒഴിവാക്കി ഏഴാം തരം വരെയാക്കി. പഴയ കെട്ടിടങ്ങളുടെ ബലക്ഷയവും കുട്ടികളുടെ ആധിക്യവും ഉള്ള സ്ഥലത്ത് ക്ലാസുകൾ നടത്തുന്നതിന് ബുദ്ധിമുട്ടുളവാക്കി. തുടർന്ന് ശ്രീമതി വെങ്കിട്ട ഫാത്തിമ മുൻകൂർ കൈവശാവകാശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സർക്കാർ സ്ഥലവും നിലവിലുള്ള കെട്ടിടങ്ങളും (നരിങ്ങാപറമ്പിൽ രാമൻ, തൊട്ടിയിൽ കുഞ്ഞിമുഹമ്മദ് ഹാജി എന്നിവരുടേത്) സർക്കാർ ഏറ്റെടുത്ത് പുതിയ കെട്ടിടങ്ങൾ പണിയുന്നതിനുള്ള ശ്രമങ്ങൾ നടത്തി. 1969 ൽ പുതിയ കെട്ടിടം നിലവിൽ വന്നു. സെഷണൽ സംമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ 1985 ൽ തൊട്ടടുത്ത മദ്രസ്സ സ്കൂൾ നടത്തിപ്പിനായി വിട്ടു തന്നതിനാൽ എൽ.പി.വിഭാഗം അങ്ങോട്ടു മാറ്റുകയും സെഷണൽ സംമ്പ്രദായം ഒഴിവാക്കുകയും ചെയ്തു. 1988 ൽ പി.ടി.എ. യുടെ സഹകരണത്തോടെ 4 ക്ലാസ് മുറികൾ നിർമിച്ചു. 1997 ൽ dPEDP കെട്ടിടത്തിന്റെയും മറ്റ് 3 ക്ലാസുകളുള്ള കെട്ടിടത്തിന്റെയും ഉദ്ഘാടനത്തോടെ മദ്രസയിലുള്ള ക്ലാസുകൾ ഒഴിവാക്കി. 2008 ൽ എസ്എസ്എ യുടെ സഹകരണത്തോടെ 2 ക്ലാസ്മുറികളും 2013 ൽ 2 ക്ലാസ് മുറികളും പണിതു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്നും 9 ക്ലാസ് മുറികളുള്ള കെട്ടിടവും കിഫ്ബി ഫണ്ടിൽ നിന്നും 8 ക്ലാസ് മുറികളുള്ള കെട്ടിടവും ലഭിച്ചതോടെ ക്ലാസ് മുറികളുടെ അപര്യാപ്തതക്ക് പരിഹാരമായി. വിവിധ പദ്ധതികളിലുൾപ്പെടുത്തി ആവശ്യമായ

ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ, എസ്എംസി, ജനപ്രതിനിധികൾ എന്നിവർ കരുതലോടെ പ്രവർത്തിക്കുന്നു. ഇന്ന് എല്ലാ മേഖലകളിലും വിദ്യാലയം പുതുമയുടെ പ്രസരിപ്പുമായി മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നു. ഈ നാട്ടിലെ നിസ്വാർത്ഥരായ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അധ്യാപകരുടെയും സേവനങ്ങൾ സ്ഥാപനത്തിന്റെ വളർച്ചക്ക് എന്നും ഒരു മുതൽക്കൂട്ട് തന്നെയാണ്.

എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 31 ക്ലാസുകളിലായി ആയിരത്തിലധികം വിദ്യാർത്ഥികൾ ഇവിടെനിന്നും വിദ്യനേടുന്നു. പാഠ്യപാഠ്യേതര രംഗങ്ങളിൽ ജില്ലയിലെതന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായി ജിയുപി സ്കൂൾ പാങ്ങ് തലയുയർത്തിനിൽക്കുന്നു. എല്ലാ വർഷവും തുടർച്ചയായി ലഭിക്കുന്ന എൽഎസ്എസ്, യുഎസ്എസ് നേട്ടം സ്കൂളിൻറെ മികച്ച അക്കാദമിക നിലവാരത്തിന്റെ സൂചകങ്ങളാണ്. കലാകായിക ശാസ്ത്രോത്സവ രംഗങ്ങളിൽ പഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെയുള്ള മികച്ച പ്രാതിനിധ്യവും നേട്ടങ്ങളും ഇതിനോടൊപ്പം ചേർത്തു വായിക്കപ്പെടേണ്ടതാണ്. മികച്ച അച്ചടക്കവും പരിശ്രമശാലികളായ കുട്ടികളും സേവന തൽപരരും നിസ്വാർത്ഥരുമായ അധ്യാപകരും കുട്ടികൾക്ക് കരുത്തായി കൂടെ നിൽക്കുന്ന രക്ഷിതാക്കളും ഈ സ്കൂളിൻറെ മാത്രം പ്രത്യേകതയാണ്. സമീപത്തെ ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളുകളിലെ മത്സര പരീക്ഷാ ഫലം പരിശോധിച്ചാൽ അതിൽ പാങ്ങ് സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു എന്നതും സ്കൂളിനെ മികവുറ്റതാക്കുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും വിദ്യാലയത്തിലെ മികച്ച നിലവാരത്തെ എടുത്തുകാണിക്കുന്നു.

# നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം നേട്ടങ്ങൾ**

- ആറ് ബഹുനില കെട്ടിടങ്ങളിലായി മികച്ച സൗകര്യങ്ങളോടെയുള്ള ക്ലാസ്സ് മുറികൾ.
- മികച്ച സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബ്.
- മാലിന്യ മുക്ത സീറോവേസ്റ്റ് ക്യാമ്പസ്
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ജിംനേഷ്യം
- പെൺകുട്ടികളുടെ കായിക വികസനത്തിന് സഹാകമായ കായികോപകരണങ്ങൾ
- 3 കിലോവാട്ട് ഇൻവെർട്ടർ സിസ്റ്റം.
- 3 കിലോവാട്ട് സോളാർസിസ്റ്റം

**ഭൗതികം പരിമിതികൾ**

- വർദ്ധിച്ചു വരുന്ന കുട്ടികളെ ഉൾക്കൊള്ളാനുള്ള സ്ഥലത്തിൻറെ പരിമിതി
- കളി സ്ഥലത്തിലെ അപര്യാപ്തത
- വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ച് യോഗം നടത്താനുള്ള ഓഡിറ്റോറിയത്തിന് അപര്യാപ്തത
- ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സൗകര്യക്കുറവ്
- എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനുള്ള ഡൈനിങ് ഹാൾ ഇല്ലാത്തത്.

**അക്കാദമിക് നേട്ടങ്ങൾ**

- എല്ലാ വർഷവും എൽഎസ്എസ്, യുഎസ്എസ് നേട്ടം
- സബ്ജില്ലാ തലത്തിൽ ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ,ഐടി മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്.
- കലാകായിക മേളകളിൽ മികച്ച നേട്ടങ്ങൾ
- പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ജൂലൈ മാസം മുതലുള്ള പദ്ധതി.
- എല്ലാ ക്ലാസുകളിലും പത്രങ്ങളും ആനുകാലിക വായന പ്രസിദ്ധീകരണങ്ങളും.
- ഐടി അധിഷ്ഠിത പഠനം
- പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾ.
- സജീവമായി പ്രവർത്തിക്കുന്ന ശാസ്ത്ര,സാമൂഹ്യശാസ്ത്ര,ഗണിത, ഊർജക്ലബ്ബുകൾ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന ശേഷി വികസനം<br>• ലൈബ്രറി ശാക്തീകരണം<br>• ശാസ്ത്ര,ഗണിതശാസ്ത്ര,സാമൂഹിക ശാസ്ത്ര ലബോറട്ടറി ശാക്തീകരണം.<br>• നാടകക്കളരി<br>• ജൈവ വൈവിധ്യ പാർക്ക്<br>• ഫീൽഡ് ട്രിപ്പുകൾ.<br>• സെമിനാറുകൾ.<br>• കലാ കായിക മേള<br>• ഐടി പരിശീലനം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• എസ്ആർജി ശാക്തീകരണം.<br>• ക്ലാസ് പിടിഎ സജീവമാക്കൽ.<br>• അഭിമുഖങ്ങൾ<br>• നിരന്തര മൂല്യനിർണയം<br>• യൂണിറ്റ് ടെസ്റ്റ്<br>• ശില്പശാലകൾ<br>• റേഡിയോ സ്റ്റേഷൻ<br>• പഠനസാമഗ്രികൾ<br>• പ്രസിദ്ധീകരണങ്ങൾ | • പാചകപ്പുര<br>• കളിസ്ഥലം<br>• ഓഡിറ്റോറിയം<br>• ഡൈനിങ് റൂം<br>• ശാസ്ത്ര-ഗണിത സാമൂഹ്യശാസ്ത്ര ലബോറട്ടറികൾ<br>• ഫസ്റ്റ് എയ്ഡ് റൂം<br>• ചിൽഡ്രൻസ് പാർക്ക്. നവീകരണം<br>• ക്ലാസ് മുറികളിൽ എൽഇഡി ടിവി<br>• സൗരോർജ്ജ പാനൽ<br>• നാടൻ കളികളുടെ കോർണറുകൾ<br>• ക്യാരംബോർഡ്<br>• ചെസ് ബോർഡ് കോർണർ | • പിടിഎ ശക്തിപ്പെടുത്തൽ<br>• എസ് എം സി. എ സ് ആർ ജി കാര്യക്ഷമമാക്കുക.<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗൃഹസന്ദർശനം<br>• രക്ഷിതാക്കളെവിദ്യാലയത്തോടടുപ്പിക്കൽ.<br>• പ്രാദേശിക ക്ലബ്ബുകളുടേയും വിദ്യാഭ്യാസ പ്രവർത്തകരുടെയും സഹകരണ സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുത<br>• സഹവാസ ക്യാമ്പുകൾ<br>• റാലികൾ<br>• പരസ്യപ്രചരണം |

## മോണിറ്ററിംഗ് രീതി

- ദൈനംദിന മോണിറ്ററിംഗ് : ഹെഡ്മാസ്റ്റർ, എസ് ആർ ജി കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ
- സോഷ്യൽ മോണിറ്ററിംഗ് : പി ടി എ , എം പി ടി എ, എസ്എസ് ജി , എസ് ആർ ജി എന്നിവരുടെ നേതൃത്വത്തിൽ
- ഭൗതിക മോണിറ്ററിംഗ് : പി ടി എ, എസ്എസ് ജി , സ്കൂൾ വികസന സമിതി, പിഇസി, എന്നിവയുടെ നേതൃത്വത്തിൽ.

ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കും. എസ്ആർ ജി , പി ടി എ, വിഷയ സമിതികൾ, വിദ്യാലയ വികസന സമിതി എന്നിവക്ക് പ്രഥമ പരിഗണന നൽകും. വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കും.

## സ്കൂൾ മോണിറ്ററിംഗ് സമിതി

| | |
|---|---|
| ചെയർമാൻ | : പി ടി എ പ്രസിഡൻറ് /എസ് എം സി ചെയർമാൻ |
| വൈസ് ചെയർമാൻ | : പിടിഎ വൈസ് പ്രസിഡണ്ട് /എം ടി എ വൈസ് |
| കൺവീനർ | : ഹെഡ്മാസ്റ്റർ |
| ജോയിൻ കൺവീനർ | : സീനിയർ അസിസ്റ്റന്റ്<br>എസ് ആർ ജി കൺവീനർ<br>സ്റ്റാഫ് സെക്രട്ടറി<br>പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങൾ |

## വിദ്യാലയ വികസന സമിതി

| | | |
|---|---|---|
| മുഖ്യ രക്ഷാധികാരികൾ | : | എം പി |
| | : | എംഎൽഎ |
| രക്ഷാധികാരികൾ | : | പഞ്ചായത്ത് പ്രസിഡൻറ് |
| | : | വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ |
| | : | പിടിഎ പ്രസിഡണ്ട് /എസ് എം സി ചെയർമാൻ |
| വൈസ് ചെയർമാൻ | : | എം ടി എ പ്രസിഡൻറ് |
| കൺവീനർ | : | ഹെഡ്മാസ്റ്റർ |
| അംഗങ്ങൾ | : | സീനിയർ അസിസ്റ്റന്റ് |
| | | എസ് ആർ ജി കൺവീനർ |
| | | സ്റ്റാഫ് സെക്രട്ടറി |
| | | അധ്യാപകർ |
| | | സ്കൂൾ ലീഡർ |
| | | രക്ഷിതാക്കൾ |
| | | രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ |

# ഉപസംഹാരം

ഓരോപൊതു വിദ്യാലയവും തങ്ങളുടെ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവും ആയി മാറേണ്ടതുണ്ട്. വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ കുട്ടിക്കും ലഭ്യമാകേണ്ട ഉയർന്ന നിലവാരത്തിലുള്ള പഠനബോധന അനുഭവങ്ങളും വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും ലഭിക്കണം. ഇത് നിർണയിക്കുന്നത് ആ വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ ആണ്. സമൂഹ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തെയും മികവിന് കേന്ദ്രമായി മാറ്റുക എന്നതിന്റെ ഭാഗമായി അടുത്ത പത്ത് വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതി ആണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത് . നമ്മുടെ വിദ്യാലയത്തിന്റെയും പ്രദേശത്തിന്റെയും അടിസ്ഥാന മൂല്യങ്ങൾ കാത്തുസൂക്ഷിച്ചും ആവശ്യകതകൾ തിരിച്ചറിഞ്ഞുമാണ് ഇത് ഒരുക്കിയിട്ടുള്ളത് . വർഷവും ആവശ്യമായി തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാക്കുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിൽ വിദ്യാലയത്തെ എല്ലാ തലത്തിലും ഉന്നത നിലവാരത്തിൽ എത്തിക്കാനുള്ള ശ്രമങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിട്ടുള്ളത് നമ്മുടെ വിദ്യാലയത്തെ സമ്പുഷ്ടമാക്കുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# English

**Learning Outcome**

All learners must acquire basic competency in using English language by developing knowledge and skill in listening, reading, writing and speaking.

**Learning Objectives**

1. Encourage students to listen attentively and respond appropriately.
2. Read and comprehend short paragraphs and stories.
3. Write short descriptive and narrative texts.
4. Expand vocabulary through reading and context.
5. Use parts of speech appropriately.
6. Speak fluently using full sentences.
7. Developing communication skill in real life situation.

**Social and Physical Infrastructure Facilities**

1. **Language Lab (or appropriate classrooms)** – Use of charts, labels, classroom displays, and real-life English in the school setting.
2. **Audio-visual aids (TV/projector/smart board)** – Helps with listening and speaking through rhymes, stories, and role-play videos.
3. **Library and English Reading Corners** – Set up with age-appropriate storybooks and readers.
4. **English Assembly** – Conduct of school assembly in English.
5. **Peer interaction opportunities** – Group discussions, reading circles, or storytelling to improve communication.
6. **Gamification** – Use English language effectively through engaging games such as puzzles, word ladders, story chain and quizzes to reinforce vocabulary, grammar, and comprehension skills.
7. **Inclusive education support** – Facilities and strategies for children with learning difficulties or special needs.
8. **Assessment tools** – Tools and time for periodic oral, reading and written language assessments.
9. **Parental engagement** – Involving parents in reading and writing activities at home to reinforce learning.

**Learning Objectives Activity Plan**

| Aim | Activities | Period | Responsible Person | Infrastructure |
|---|---|---|---|---|
| Encourage students to listen attentively and respond appropriately. | a. Storytelling sessions focusing on plot, characters and messages to improve listening.<br>b. Listening tasks using audio materials like English podcasts, news clippings and | June to September (Short Term) | English Teachers | a. Audio-visual aids<br>b. Library and English Reading Corners<br>c. English Assembly<br>d. Assessment tools |

| | | | | |
|---|---|---|---|---|
| | short movies.<br>c. Individual or group presenting summaries to the class.<br>d. Chain story telling to encourage speaking through gamification.<br>e. Use structured lessons in curriculum through the year for listening and speaking activities.<br>f. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | | | |
| Read and comprehend short paragraphs and stories. | a. Small-group reading sessions with suitable texts (e.g., short stories, newspaper clippings excerpts).<br>b. Discuss characters, themes and storyline post reading sessions.<br>c. Encourage students to read aloud and share insights.<br>d. Use methods like graphic reading, organic reading and chain reading to encourage reading habits in class and at home.<br>e. Reading a short paragraph from English textbook at home (offer suggestions to parents on reading habits and book choices).<br>f. Use structured lessons in curriculum through the year for reading activities.<br>g. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | Jul to November (Long Term) | English Teachers<br><br>Parents with active support of English Teachers (for reading activities at home) | a. Language Lab<br>b. Library and English Reading Corners<br>c. Gamification Tools<br>d. Assessment tools<br>e. Parental engagement |
| Write short descriptive and narrative texts. | a. Practice writing short and simple sentences.<br>b. Encourage creative writing by providing templates for short stories, poems, making dictionaries and descriptions.<br>c. Use structured lessons in curriculum through the year for writing activities.<br>d. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | August to January (Long Term) | English Teachers<br><br>Parents with active support of English Teachers (for writing activities at home) | a. Language Lab<br>b. Audio-visual aids<br>c. Library and English Reading Corners<br>d. Gamification Tools<br>e. Assessment tools<br>f. Parental engagement |

| | | | | |
|---|---|---|---|---|
| Expand vocabulary through reading and context. | a. Vocabulary enrichment games and tasks.<br>b. Vocabulary activities using context clues.<br>c. Include word games and puzzles like word ladder and puzzles to make learning fun.<br>d. Build vocabulary through active reading and new word spotting activities.<br>e. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | Throughout the year (Long Term) | English Teachers | a. Audio-visual aids<br>b. Library and English Reading Corners<br>c. English Assembly<br>d. Gamification Tools<br>e. Assessment tools |
| Use parts of speech appropriately. | a. Worksheets on sentence types, punctuation, and grammar topics.<br>b. Focus on paragraph and essay writing using writing templates.<br>c. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | August to December (Long Term) | English Teachers | a. Audio-visual aids<br>b. Library and English Reading Corners<br>c. Gamification Tools<br>d. Assessment tools |
| Speak fluently using full sentences. | a. Conduct debates and speech presentations to boost language fluency.<br>b. Encourage students to present original works like poems, stories and dictionaries.<br>c. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | Throughout the year (Long Term) | English Teachers | a. Language Lab<br>b. English Assembly<br>c. Peer interaction opportunities<br>d. Gamification Tools<br>e. Assessment tools |
| Developing communication skill in real life situation. | a. Group activities like discussions and role-playing to develop speaking confidence.<br>b. Use chain story-telling, short plays and narratives to encourage speaking on real-life situations.<br>c. Use various assessment tools like quizzes, essays, projects and presentations for periodic evaluation. | Throughout the year (Long Term) | English Teachers | a. Peer interaction opportunities<br>b. Gamification Tools<br>c. Inclusive education support<br>d. Assessment tools |

# ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശ സ്നേഹവും വളർത്തിയെടുക്കുക.
- ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ് 5<br>അക്ഷര ബോധം ഉറപ്പിക്കൽ.<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.<br>.ഹിന്ദി കാർട്ടൂൺ സോങ്ങിലൂടെ കൂടുതൽ ഹിന്ദിയുമായി ആകർഷിപ്പിക്കുക<br>ചിത്രം വായിച്ച് ആശയം പ്രകടമാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | സുരീലി ഹിന്ദി കവിതകളുടെ കൊറിയോ ഗ്രാഫി.<br>ഹിന്ദിയിൽ പേര് പരിചയപ്പെടൽ. ഒരു മാസം ഹിന്ദിയിൽ പേരെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുക.<br><br>ചിത്രം വരയ്ക്കാനും നിറം നൽകാനുമുള്ള അവസരം.<br><br>പരിചയമുള്ള വാക്കുകൾ അടയാളപ്പെടുത്തൽ.<br><br>पेड़ का जादू, वर्षा आई പാഠഭാഗത്തിലൂടെ പോസ്റ്റർ തയ്യാറാക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ. | ഹിന്ദി അദ്ധ്യാപകൻ | |
| ഹിന്ദി വായന<br><br>തെറ്റ് കൂടാതെ ഹിന്ദി വായിക്കാൻ പരിശീലനം | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകുന്ന ഭാഷാ പോഷിണി പ്രവത്തനങ്ങൾ.<br>CWSN, LD കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും, മാനസികാവസ്ഥയെയും കണക്കിലെടുത്തു കൊണ്ട് നടത്താവുന്ന BIG PICTURE CONSEPT ലൂടെ പ്രകൃതിയിൽ കാണുന്ന സസ്യങ്ങളെയും, ജീവജാലങ്ങളെയും ഹിന്ദിയിൽ പരിചയപ്പെടുക. | September14 Hindi ദിനം. | | |
| ക്ലാസ്സ് 6<br>സഹജീവികളോടുള്ള | नीली चिड़िया- പക്ഷികളുടെ | | | |

| | | | | |
|---|---|---|---|---|
| സ്നേഹവും, അനുകമ്പയും വർദ്ധിപ്പിക്കുക. വിശേഷ ദിനങ്ങളുടെ പ്രാധാന്യം മനസിലാക്കുക. | പേര് ഹിന്ദിയിൽ എഴുതുക. വായനകാർഡ് നിർമ്മാണം.<br><br>സുരീലി വാണി റേഡിയോ പ്രോഗ്രാം.<br><br>പോസ്റ്റർ രചന<br>വായന മത്സരം<br>സുരീലി സഭയിൽ ഹിന്ദി ക്ലബ് അംഗങ്ങളുടെ കലാ പരിപാടികൾ. | June 19<br>വായന ദിനം<br><br>ജൂലൈ 31<br>പ്രേംചന്ദ് ജയന്തി<br>സെപ്.14 ഹിന്ദി ദിനം<br>ജനുവരി 10<br>ലോക ഹിന്ദി ദിനം. | | |
| **ക്ലാസ്സ് 7**<br>ഹിന്ദി സംസാരം<br><br>പരിസ്ഥിതിയുമായി ഇണങ്ങുക.<br><br>ഹിന്ദി കഥ പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുക.<br><br>**വായന ദിനം.**<br><br>സ്വതന്ത്ര സമര സേനാനികളെ അനുസ്മരിക്കൽ | അദ്ധ്യാപകർ ഹിന്ദിയിൽ മാത്രം സംസാരിക്കുക.<br><br>ഹിന്ദിയിൽ പറയുന്നത് അഭിനയിക്കുക.<br><br>പരിസ്ഥിതി ദിനത്തിൽ സ്കൂൾ സൗന്ദര്യ വൽക്കരണത്തിൽ പങ്കാളികളാക്കുക.<br>साफ़ सफाई में अव्वल गांव -<br>സ്കൂൾ, ക്ലാസ്സ് മുറികൾ വൃത്തിയായി സൂക്ഷിക്കുക.<br>സ്കൂളിൽ ഒരു ഹിന്ദി ലൈബ്രറി മൂല സങ്കടിപ്പിക്കുന്നു.<br>ലൈബ്രറി ശക്തീകരണം.<br><br>गांधीजी की नमक कथा -<br>പാഠഭാഗത്തിൽ സ്വതന്ത്ര സമര സേനാനികളുടെ പത്രിക തയ്യാറാക്കൽ. | ജൂൺ<br>5 പരിസ്ഥിതി ദിനം<br><br>ജൂൺ 19<br><br>ജൂലൈ 31<br>പ്രേം ചന്ദ് ജയന്തി<br>ഓഗസ്റ്റ് 15 | | |
| ഹിന്ദി അന്തരീക്ഷം ഒരുക്കുക.<br><br>ഹിന്ദി കൂടുതൽ കേൾക്കാനുള്ള അവസരം. | പോസ്റ്റർ നിർമ്മാണം,<br>ജന്മദിന കാർഡ് നിർമ്മാണം<br>സുരീലി. വാണി ലൈവ് പ്രോഗ്രാം<br><br>ചെറു പുസ്തകങ്ങൾ വായിച്ചു ആശയം മനസിലാക്കുക.<br><br>ചെറു കഥ, കവിത സൃഷ്ടികളുടെ ഒരു മാഗസിൻ തയ്യാറാക്കൽ | സെപ്റ്റംബർ 14<br>ഹിന്ദി ദിനം<br><br>ജനുവരി<br>മുതൽമാർച്ച് വരെ. | | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം |
|---|---|---|---|
| അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br>കരിക്കുല ലക്ഷ്യം പിന്തുടർന്ന് അറബി ഭാഷ പഠനത്തെ സുഗമവും സുഗമവത്ക്കരിച്ചും മുന്നോട്ട് കൊണ്ടുപോകുക.<br>വായനയിലൂടെയും എഴുത്തി ലൂടെയും ഭാഷാ ശേഷികൾ വർദ്ധിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>2. മുന്നറിവ് പരിശോധിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>3. ഭാഷ കളികൾ<br>വാചകങ്ങൾ നിർമ്മിക്കൽ | 2 months | പുസ്തകങ്ങൾ, വർക് ഷീറ്റുകൾ, റീഡിങ് കാർഡ്, etc |
| ഐ ടി സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | **4.** ഐ ടി സി<br>സ്മാർട്ട് ക്ലാസ്സ് റൂം, ചിത്രീകരണങ്ങൾ, അനിമേഷൻ മുതലായ വയുടെ നിർമാണം | 12 months | ഐ ടി സി പുസ്തകങ്ങൾ, വീഡിയോസ് |
| സർഗ കഴിവുകൾ വികസിപ്പിക്കുക | 5. അറബിക് കമ്മ്യൂണിക്കേഷൻ<br>ആശയവിനിമയവേദി ക്ലാസ്സ് തലം, സ്കൂൾ തലം<br>6. അറബിക് കലാമേള | 12 months | ചാർട്ട് പതിപ്പ് നിർമാണം |
| വിത്യസ്ത ദിനാ ചരണങ്ങളെ ക്കുറിച്ചുള്ള ബോധവൽക്കരണം | 7. പ്ലക്കാർഡ്സ് നിർമാണം<br>8. ക്വിസ് മത്സരങ്ങൾ | 12 months | പുസ്തകങ്ങൾ, ചിത്രങ്ങൾ |

# സംസ്കൃതം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് / സാമഗ്രി |
|---|---|---|---|---|
| **അക്ഷരബോധം**<br><br>*UP* തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | അക്ഷര കാർഡ്<br>അഭ്യാസ പത്രം<br>ചിത്രപദകോശം<br>അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br><br>വായന കാർഡ്<br>അക്ഷരമാല കളികൾ<br>അക്ഷരമാല പ്രദർശനം<br><br>അക്ഷരമരം നിർമ്മിക്കൽ<br><br>പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - സെപ്റ്റംബർ | സംസ്കൃതം അധ്യാപിക | അക്ഷര ചാർട്ട്<br><br>പാഠപുസ്തകം<br><br>ICT<br><br>സംസ്കൃതം കോപ്പി ബുക്ക്<br><br>അഭ്യാസപത്രം |
| **ഭാഷാപ്രയോഗ സാമർത്ഥ്യം**<br><br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പ്രയോഗിക്കുക<br><br>. | ചിത്രകഥകൾ<br>വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br><br>ലഘു സംഭാഷണം<br><br>ICT സഹായത്തിലൂടെ വാക്കുകൾ പരിശീലിക്കാനുള്ള അവസരം<br>ഛാത്ര ശില്പശാല | ജൂൺ - ഡിസംബർ | സംസ്കൃതം അധ്യാപിക , | ക്ലാസ് മുറിയിലെ സംഭാഷണങ്ങൾ നിർദ്ദേശങ്ങൾ എന്നിവ ലഘു സംസ്കൃതത്തിൽ<br>CD , അഭ്യാസ പത്രം , ICT , റേഡിയോ |
| **സർഗാത്മക രചനാ സാമർത്ഥ്യം** | കവിത രചന ,<br>കഥാരചന ,<br>സമസ്യാപൂരണം ,<br>ഉപന്യാസരചന etc<br>സംസ്കൃത കലോത്സവ പരിശീലനം | ജൂലൈ - ഡിസംബർ | സംസ്കൃതം അധ്യാപിക , SRG , PTA | സംസ്കൃത കാവ്യങ്ങൾ , രസന , സംഭാഷണ സന്ദേശ്: , ലേഖന പുസ്തകങ്ങൾ , CD , ICT |

| | | | | |
|---|---|---|---|---|
| **മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ**<br><br>**പഠന കേളി / നാടക കളരി** | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. അഭ്യാസ പത്രം നൽകുന്നു. എല്ലാ മാസവും പ്രശ്നോത്തരി നടത്തുന്നു. മാതൃകാപരീക്ഷ നടത്തുന്നു.<br><br>നാടകം ,കൂടിയാട്ടം , കൂത്ത് തുടങ്ങിയവയുടെ പഠനക്യാമ്പ് സംഘടിപ്പിച്ച് കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു .<br><br>സംസ്കൃതം പഠനകേളി (കളികളിലൂടെ പഠനം ) സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച്<br><br>ആഗസ്റ്റ് (1 day)<br><br>ഫെബ്രുവരി - 2 ദിവസം | സംസ്കൃതം അധ്യാപിക , SRG<br><br>നാടകസംഘം , സ്കൂൾ PTA, സംസ്കൃതാധ്യാപിക<br><br>സംസ്കൃതാധ്യാപിക , റിസോഴ്സ് പേഴ്സൺ | പാഠ പുസ്തകം, പത്രം , ICT<br><br>മൈക്ക് , പ്രൊജക്ടർ സ്പീക്കർ etc<br><br>അഭ്യാസ പത്രം , ചാർട്ട് , പ്രൊജക്റ്റർ etc |

# ഉർദ്ദു

പൊതുലക്ഷ്യങ്ങൾ :-

1. ഉർദ്ദു ഭാഷയോട് താല്പര്യമുണ്ടാക്കുന്ന കഥകൾ കവിതകൾ സംഭാഷണങ്ങൾ അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളോട് പ്രതികരിക്കുക
2. പരിചയപ്പെടുന്ന രചനകളെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റാനും അവതരണം ചെയ്യാനുള്ള ശേഷി വളർത്തുക
3. സ്വതന്ത്രമായ സർഗാത്മക രചനകൾ നടത്തുക
4. കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക
5. അഞ്ചു മുതൽ ഏഴാം ക്ലാസ് പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുന്നതോടെ വായിക്കാനും കേട്ട് എഴുതാനും ചെറിയ ചെറിയ കവിതകളും കഥകളും എല്ലാം രചിക്കാനുള്ള ശേഷി ഉറപ്പാക്കുക
6. എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
7. വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക
8. ഉറുദു ഭാഷ പഠനത്തിലൂടെ ജനാധിപത്യം മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| പ്രവർത്തനം പഠേം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദ്ദു ടീച്ചർ | ഹെഡ്മാസ്റ്റർ |
| മേരെ അൽഫാസ് ഉർദ്ദുകയ്യെഴുത്ത് മാഗസിൻ | രചനശേഷി വളർത്തൽ,ഉറുദുവിൽ മികച്ചതും ഭംഗി ഉള്ളതുമായ കൈ എഴുത്ത് എന്ന ലക്ഷ്യം പൂർത്തീകരണത്തിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമ്മാണം. | ടേം ൽ 1 വീതം | ഉർദ്ദു ക്ലബ്ബ് ഉർദ്ദു ടീച്ചർ | |
| e- ദുനിയ ഉർദ്ദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദ്ദു ടൈപ്പിംടിൽ പരിശിലനം നൽകൽ, പ്രിൻഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദ്ദു ടീച്ചർ ഉർദ്ദു ക്ലബ്ബ് | |
| ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദ്ദു ക്ലബ്ബ് | |
| ഉർദ്ദു ദിനം | ടാലന്റ് മീറ്റ് , അക്ഷര മരം, ഭാഷാ സെമിനാർ, എൻ്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദ്ദു ക്ലബ്ബ് | |

# അടിസ്ഥാന ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതലാബ്<br>ഗണിതത്തിലെ പ്രവർത്തനങ്ങൾ സ്വയം ചെയ്യുതിലൂടെ കൂടുതൽ എളുപ്പമാവാനും അതുവഴി കുട്ടികൾക്ക് ഗണിതം രസകരമാകുതിനും വേണ്ടി. | ജുലായ് മുതൽ പ്രവർത്തനങ്ങൾ തുടങ്ങുന്നു.ഉപകരണങ്ങൾ നിർമ്മിക്കുതിനായി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ശില്പ ശാലകൾ നടത്തുന്നു | ജൂലൈ മുതൽ | SRG ഗണിത ക്ലബ്ബ് | 5000 |
| ഗണിത പാർക്ക്<br>ഗണിത പഠനം രസകരമാക്കാനും ഗണിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനും സ്കൂളിന് മുന്നിൽ ഒരു ഗണിത പാർക്ക്. | സെപ്റ്റംബർ മുതൽ പ്രവർത്തനം തുടങ്ങുന്നു. സാമഗ്രികളുടെ നിർമ്മാണത്തിനായി വിദഗ്ദ്ധരുടെ സഹായം തേടുന്നു. | ഒരു വർഷം | ഗണിത ക്ലബ്ബ് | 10,000 |
| ഗണിതത്തിലെ അടിസ്ഥാന ക്രിയകളായ സംഖ്യാബോധം, ചതുഷ്ക്രിയകൾ, ലഘു പ്രായോജിക പ്രശ്നങ്ങളുടെ അപഗ്രഥനം എന്നീ മേഖലകളിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | പ്രീടെസ്റ്റ്, അവലോകനം, മെഡ്യൂൾ രൂപീകരണം ജൂൺ മുതൽ ഫെബ്രുവരി വരെ വെള്ളിയാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും 9:30 മുതൽ 10:30 വരെ വർക്ക്ഷീറ്റുകൾ, കളം സാധ്യതകൾ എന്നിവ ഉപയോഗിച്ച് പരിഹാരബോധന ക്ലാസ് | ജൂൺ മുതൽ ഫെബ്രുവരി വരെ | SRG | |
| ഗണിത ചിന്തകളിലും പ്രായോഗശേഷിയിലും നിൽക്കുന്ന കുട്ടികളെ കണ്ടത്തിരേഖ പദ്ധതികളിലൂടെ പ്രതിഭകളാക്കി വളർത്തിയെടുക്കുക | USS, Talent Search Examination Numaths, ശാസാത്ര രംഗം ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിലേക്ക് കട്ടികളെ പ്രാപ്തരാക്കാൻ പ്രത്യേക പരിശീലനം.ജൂലായ് മുതൽ ഫെബ്രുവരി വരെ വെള്ളി ഒഴികെ എല്ലാ ദിവങ്ങളിലും 9:30 10:30 വെള്ളിയാഴ്ച ഉച്ചഭക്ഷണ ഇടവേള. | ജൂലൈ മുതൽ ഫെബ്രുവരി വരെ | SRG ഗണിത ക്ലബ്ബ് | |

## മലയാളം (യു. പി)

| | | | |
|---|---|---|---|
| | ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുക | പ്രതിദിനം | |
| 3. മലയാള സാഹിത്യത്തോട് അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ ശേഷി വളർത്തൽ. | • സാഹിത്യകാരൻമാർ കലാകാരന്മാർ എന്നിവരുമായി അഭിമുഖം<br>• കലാകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ശില്പശാല | വർത്തിൽ 2 തവണ | മലയാളം അധ്യാപകർ |
| 4. കുട്ടികളിലെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭാഷയോടുള്ള അടുപ്പം വർദ്ധിപ്പിക്കാം. | • പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുനാടകം, ദൃശ്യാവിഷ്കാരം ക്ലാസ് സിനിമ<br>• പാഠ ഭാഗം ഹ്രസ്വ ചിത്രമായി അവതരിപ്പിക്കുക | അക്കാദമിക്ക് വർഷം | വിദ്യാരംഗം |
| 5. വാർത്താ നേരം ജി.യു.പി സ്കൂൾ പാങ്ങ് | • കുട്ടികൾക്ക് വാർത്ത വേദി ഒരുക്കുന്നു. വിദ്യാലയങ്ങളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ, മികവു തെളിയിച്ച കുട്ടികളുമായി അഭിമുഖം.. | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ |

# യു.പി - അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൂൺ -5**<br>പരിസ്ഥിതിദിനം, ഔഷധത്തൈ നടൽ, ഔഷധോദ്യാന പരിപാലനം<br>ക്വിസ്സ് , പരിസ്ഥിദിന സന്ദേശം<br>പരിസ്ഥിതി ഗാനം<br>ബോധവൽക്കരണ ലഘു നാടകം<br>**ജൂൺ - 26**<br>ലഹരിവിരുദ്ധ ദിനം<br>ലഹരിവിരുദ്ധ സന്ദേശം നൽകി ഫ്ലാഷ് മോബ്<br>ലഹരിവിരുദ്ധ പ്രതിജ്ഞ<br>'വായനയാവട്ടെ ലഹരി' എന്ന സന്ദേശത്തിലൂന്നി വായനാക്കുറിപ്പ്<br>(ശാസ്ത്രപുസ്തകം ) മത്സരം | ജൂൺ | ശാസ്ത്ര ക്ലബ് | |
| ശാസ്ത്രപ്രക്രിയാശേഷി വർദ്ധിപ്പിക്കുക. ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുക. | ശലഭോദ്യാന നിർമ്മാണം<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണംങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു.<br>**ജൂലൈ -21**<br>ചാന്ദ്രദിനം<br>കൊളാഷ്<br>ക്വിസ്<br>ഏഴാം തരം വിദ്യാർത്ഥികളുമായി ഫീൽഡ് ട്രിപ്പ് (ആനക്കയം) | ജൂലൈ | ഹരിതസേന<br>ശാസ്ത്ര ക്ലബ് | |
| | പഠന ഉപകരണങ്ങൾ നിർമ്മിക്കൽ | ആഗസ്റ്റ് | ശാസ്ത്ര ക്ലബ് | |
| | **സെപ്റ്റംബർ - 1**<br>നാഷണൽ ന്യൂട്രീഷൻ വീക്ക് - NUTRIENT RICH ഭക്ഷണ പ്രദർശനം<br>**സെപ്റ്റംബർ - 16**<br>WORLD OZONE DAY- വീഡിയോ പ്രദർശനം , ശാസ്ത്രമേള<br>**സെപ്റ്റംബർ - 21**<br>അൽഷിമേഴ്സ് ഡേ - ക്ലാസ് തല വിശദീകരണം<br>വന്യജീവി , ബഹിരാകാശ വാരാഘോഷം- വീഡിയോ പ്രദർശനം | സെപ്റ്റംബർ | ശാസ്ത്ര ക്ലബ്<br>ക്ലാസ്സ് | |
| വനം, വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് | **ഒക്ടോബർ - 16**<br>ഭക്ഷ്യദിനം - രക്ഷിതാക്കളുടെ സഹായത്തോടെ നാടൻ വിഭവ നിർമ്മാണം | ഒക്ടോബർ | ശാസ്ത്ര ക്ലബ്<br>ക്ലാസ്സ് | |

| | | | |
|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക. | വിസ്മയയാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവിതചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | നവംബർ | ശാസ്ത്ര ക്ലബ് ക്ലാസ്സ് |
| ഊർജസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | ഡിസംബർ - 1<br>WORLD AIDS DAY – ബോധവൽക്കരണം<br>വൈദ്യുതി സംരക്ഷണം- വീടുകളിൽ സർവ്വേ | ഡിസംബർ | ശാസ്ത്ര ക്ലബ് ക്ലാസ്സ് |
| | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രമാസിക നിർമ്മാണം | ജനുവരി | ശാസ്ത്ര ക്ലബ് |
| | ശാസ്ത്രദിനം , ശാസ്ത്ര അസംബ്ലി | ഫെബ്രുവരി | ശാസ്ത്ര ക്ലബ് |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ,നേടിയെടുക്കൽ | ICT സാധ്യതകൾ ഉപയോഗിച്ച് memory test നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| പരിസ്ഥിതി ബോധം വളർത്തുന്നു | ഔഷധതോട്ട നിർമ്മാണം<br>ക്വിസ് മത്സരം<br>പരിസ്ഥിതി സന്ദേശം | ജൂൺ 5 | സാമൂഹ്യശാസ്ത്ര ക്ലബ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| ജനാധിപത്യബോധം രൂപപ്പെടുത്തൽ | ഗ്രാമ സഭ ,വാർഡ് സഭ എന്നിവയിൽ പങ്കെടുക്കാൻ അവസരം ഒരുക്കൽ<br>സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പ് | ഓഗസ്റ്റ് | ക്ലാസ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| പ്രകൃതി ദുരന്തത്തെ കുറിച്ച് മനസ്സിലാക്കി രക്ഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ | Demonstration ക്ലാസ്സിലൂടെ രക്ഷ പ്രവർത്തന ബോധവൽക്കരണം | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര ക്ലബ്, ക്ലാസ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| മൊബൈൽ ഫോൺ ദുരുപയോഗം, റോഡ് സുരക്ഷയെക്കുറിച്ചും ബോധാവാന്മാരാക്കുന്നു | വിദഗ്തരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഡിസംബർ | സാമൂഹ്യശാസ്ത്ര ക്ലബ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| സുസ്ഥിര വികസന കാഴ്ചപ്പാട് | ഫീൽഡ് ട്രിപ്പ്, സർവ്വേ | ജനുവരി | ക്ലാസ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |
| പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു | PEP Mega Quiz , Radio programme , Current affairs test | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA, സാമൂഹ്യ ശാസ്ത്രക്ലബ് |

## ആരോഗ്യ കായിക വിദ്യാഭ്യാസം

പൊതുലക്ഷ്യങ്ങൾ:

- കുട്ടികളിൽ ആരോഗ്യ കായിക അവബോധം ഉണ്ടാകുക
- കുട്ടികളുടെ  കായിക ക്ഷമത വർധിപ്പിക്കുക
- അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ മെച്ചപ്പെടുത്തുക
- വിവിധ ദിനാചരണങ്ങളിലൂടെ സ്പോർട്സിനോടുള്ള താല്പര്യം ഉണ്ടാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കായിക വിദ്യാഭ്യാസം അവബോധം, | ബോധവത്കരണ ക്ലാസുകൾ, സ്പോർട്സ് ക്ലബ് രൂപീകരണം , ലഹരിവിരുദ്ധ ദിന പരിപാടികൾ (സൂമ്പ, ഫ്രീ ഹാൻഡ് എക്സ്സൈസ് ) | ജൂൺ |
| ശാരീരിക ക്ഷമത കൈവരിക്കുക, | ശാരീരിക പരിശീലനം , കായികാഭ്യാസം, അടിസ്ഥാന കായിക പരിശീലനം,വാർമിംഗ് അപ്പ്, സ്പീഡ് & എജിലിറ്റി പരിശീലനം | ജൂൺ, ജൂലായ് |
| നൈപുണി വികസനം. | സ്പീഡ് & എജിലിറ്റി പരിശീലനം, വിവിധ കളികളിലെ വൈദഗ്ധ്യം | ജൂലായ്, ഓഗസ്റ്റ് |
| പ്രധാന കളികളുടെ വൈദഗ്ധ്യ പരിശീലനം,<br><br>വിവിധ കളികളുടെ അടിസ്ഥാന നിയമങ്ങൾ | ഖൊ–ഖൊ: റണ്ണിങ്, ഡോഡ്ജിങ്, എജിലിറ്റി.<br>ഹോക്കി: ഡ്രിബ്ലിങ്,<br>പാസ്സിങ്,ഹീറ്റിങ്,സ്കൂപ്പിങ്,റിസീവിങ്. ഫുട്ബോൾ: പാസ്സിങ്, ഷൂട്ടിംഗ്<br>ബാസ്കറ്റ്ബാൾ: പാസ്സിങ്, ഷൂട്ടിംഗ്, റീബൗണ്ടിങ്,<br>ബാഡ്മിന്റൺ: സ്മാഷിങ്, റിസീവിങ്, സെർവിങ്<br><br>ഡെമോൺസ്ട്രേഷൻ, ദൃശ്യ സഹായി, പോസിറ്റീവ് ഇന്ട്രക്ഷൻസ്, റീഇൻഫോഴ്സ്മെന്റ് | സെപ്റ്റംബർ - ഡിസംബർ |
| മത്സര ഘട്ടം | ഇന്റർ ഹൗസ് ടൂർണമെന്റ്സ്,<br>ക്ലബ് ടൂർണമെന്റ്സ് | ഡിസംബർ, ജനുവരി |
| റിക്കവറി, വിലയിരുത്തൽ, വിനോദപ്രവർത്തനങ്ങൾ | സ്ട്രെച്ചിങ്, ഫിറ്റ്നസ് റീ വാല്യൂവേഷൻ, മൈനർ ഗെയിംസ് | ഫെബ്രുവരി-മാർച്ച് |

## മേജർ ഗെയിം പരിശീലനം

| ക്രമ നം | ഇനം | കാലയളവ് | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| 1 | സ്കൂൾ തല വാർഷിക സ്പോർട്സ് . | സെപ്റ്/ ഒക്ടോ | 10000/- | മികച്ച കുട്ടികളെ കണ്ടെത്തി ഉയർന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |

| | | | | |
|---|---|---|---|---|
| 2 | ഖൊ ഖൊ | ജൂൺ - ഫെബ്രുവരി | -- | സ്കൂൾ ടീം രൂപീകരിച്ച് സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |
| 3 | ഹോക്കി | ജൂലായ് - ഫെബ്രുവരി | -- | സ്കൂൾ ടീം രൂപീകരിച്ച് സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |
| 4 | ഫുട്ബോൾ | ജൂലായ് - ഫെബ്രുവരി | 4000 | സ്കൂൾ ടീം രൂപീകരിച്ച് സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |
| 5 | ബാസ്കറ്റ്ബാൾ | ജൂലായ് - ഫെബ്രുവരി | -- | സ്കൂൾ ടീം രൂപീകരിച്ച് സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |

പ്രത്യേക  പരിപാടികൾ

- വാർഷിക കായിക മത്സരം
- ഇന്റർ ഹൗസ്  മത്സരം
- കായിക മേഖലയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ
- പ്രഥമ ശുശ്രുഷ ശില്പശാല

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ലോവർ പ്രൈമറി
# ജി.യു.പി.എസ്. പാങ്ങ്
# ക്ലാസ്സ് - 1

## ആമുഖം

ഒന്നാം കാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും, അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## അടിസ്ഥാന വിശകലനം

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 71 കുട്ടികളാണ് പ്രവേശനം നേടിയത്.
അതിൽ

- പ്രീപ്രൈമറി അനുഭവം ഉള്ളവർ- 68
- അംഗനവാടി അനുഭവം ഉള്ളവർ - 1
- അതിഥിത്തൊളിലാളികളായ രക്ഷിതാക്കളുടെ മക്കൾ -1
- ശാരീരികമായി പ്രശ്നം (കാഴ്ച) നേരിടുന്ന കുട്ടികൾ -1

# വാർഷിക ലക്ഷ്യങ്ങൾ

- ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
- ഓരോ കുട്ടിയും ലഘുബാല സാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കുന്നതിനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക
- ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്താനുള്ള കഴിവ് നേടുക
- ഓരോ കുട്ടിയുടെയും സർഗ്ഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാന രേഖ രൂപപ്പെടുത്തുക.

# മലയാളം

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| ◆ ഒന്നൊരുക്കം - സന്നദ്ധതാ പ്രവർത്തനങ്ങൾ<br>◆ ക്ലാസ്സ് പിടിഎ<br>◆ കഥാവേള- വായിച്ച കേട്ട കഥ ആശയ ചോർച്ചയില്ലാതെ അവതരിപ്പിക്കുന്നു.<br>◆ ചിത്രവായന<br>◆ പാട്ടരങ്ങ് - പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും അവതരിപ്പിക്കുന്നു.<br>◆ ക്ലാസ് ഒരു വായന കൂട് - ക്ലാസ് ലൈബ്രറി ഒരുക്കൽ<br>◆ വീടൊരു പുസ്തക കൂട് | ജൂൺ |
| ◆ കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവ അടങ്ങിയ ചിത്രങ്ങൾ വായിക്കൽ, അറിയാവുന്ന പദങ്ങൾ എഴുതൽ<br>◆ പാട്ടരങ്ങ്<br>◆ കഥാ വേള<br>വായനോത്സവം<br>◆ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു. | ജൂലായ് |
